## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 727** 17-07-2012 - ലെ മറുപടിയ്ക്ക്

### പച്ചത്തേങ്ങ സംഭരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ജെയിംസ് മാത്യു<br>,, വി. ചെന്താമരാക്ഷൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കേരകർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;<br><br>(ബി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് സംഭരണം നടത്തുന്നത് എന്നറിയിക്കാമോ; | (എ) & (ബി) | കേന്ദ്ര സർക്കാർ 2012 സീസണിലേക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില പദ്ധതിയനുസരിച്ച് സംഭരണത്തിനു വേണ്ടി ജില്ലാതല കമ്മറ്റികൾ തെരഞ്ഞെടുത്തിട്ടുള്ള സഹകരണ സംഘങ്ങളിലൂടെയും നാളികേര ഉൽപാദക സംഘങ്ങളിലൂടെയും കേര കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കാനുള്ള നടപടികൾ കേരഫെഡ് മുഖേന സ്വീകരിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡും സഹകരണ സംഘങ്ങൾ വഴി പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കുന്നുണ്ട്.<br>കൂടാതെ കേരഫെഡ് നേരിട്ട് കർഷകരിൽ നിന്നും പച്ചത്തേങ്ങ തിരുവനന്തപുരം ജില്ലയിൽ ആനയറ നഗര കാർഷിക മൊത്ത വ്യാപാര വിപണിയിലും കോഴിക്കോട് ജില്ലയിൽ ഏലത്തൂരിലുള്ള മേഖല ഓഫീസിലും സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) എന്ത് നിരക്കിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്; നിരക്ക് നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്നറിയിക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം 2012 സീസണിൽ പൊതിച്ച വെള്ളത്തോടുകൂടിയ നാളികേരം ക്വിന്റലിന് 1400/- രൂപ നിരക്കിൽ സംഭരിക്കുന്നതിനാണ് 03-02-2012 ലെ സർക്കാർ ഉത്തരവ് നം. 22/2012/എഡി പ്രകാരം തീരുമാനമായിരിക്കുന്നത്.<br>കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ 30-01-2012 ലെ ശുപാർശകൾക്കനുസരിച്ചാണ് കേന്ദ്ര ഗവൺമെന്റ് താങ്ങുവില നിശ്ചയിച്ചിരിക്കുന്നത്. ഒരു കിലോ മില്ലിംഗ് കൊപ്രയുടെ MSP നിരക്കിന്റെ (51/-) ആനുപാതികമായിട്ടാണ് പൊതിച്ച പച്ച നാളികേരത്തിന്റെ നിരക്ക് കിലോയ്ക്ക് 14/- രൂപയായി നിശ്ചയിച്ചിട്ടുള്ളത്. ഒരു ക്വിന്റൽ കൊപ്ര ഉണ്ടാക്കുവാൻ 725 നാളികേരം വേണമെന്ന് കണക്കാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**